Deepika 21-09-18, P-04

# ചേർപ്പിൽ കടപ്ലാവിൽ കായ്ച്ചത് ചുളച്ചക്ക

ചേർപ്പ്: കടപ്ലാവ് കായ്ച്ചപ്പോൾ ലഭിച്ചത് ഒരു ഒന്നൊന്നര ചക്ക.

ഊരകം പട്ടത്ത് സുനിൽകുമാറിന്റെ വീട്ടുപറമ്പിലെ കടപ്ലാവാണ് എല്ലാവരെയും അതിശയിപ്പിക്കുന്നത്. പുറംകാഴ്ചയിൽ കടച്ചക്കയുടെ രൂപം തന്നെയാണെങ്കിലും വെട്ടിനോക്കിയാൽ ചക്കചുളകൾക്ക് സമാനമായ രീതിയിലാണ് ഉൾഭാഗം കാണപ്പെടുന്നത്.

നാലു വർഷങ്ങൾക്കുമുമ്പാണ് മണ്ണുത്തിയിലെ സ്വാകാര്യ ചെടിനഴ്സറിയിൽ നിന്ന് സുനിൽകുമാർ കടപ്ലാവിന്റെ തൈ വാങ്ങിക്കൊണ്ടുവന്ന് വീട്ടുപറമ്പിൽ നടുന്നത്. നാടൻ തൈക്ക് യാതൊരുവിധ വളപ്രയോഗവും നടത്തിയതുമില്ല. കടപ്ലാവ് ആദ്യമായി കായ്ക്കുന്നത് 2017ലാണ്. അന്ന് കടുത്ത വരൾച്ച കാരണം ചക്കകളെല്ലാം വാടി വീണിരുന്നു. 2018 ജുലായ് മാസത്തിൽ വീണ്ടും കായ്ച്ചു. രണ്ടാഴ്ച മുൻപ് സുനിൽ കുമാറിന്റെ സഹോദരൻ സുബ്രഹ്മണ്യൻ കടച്ചക്ക പൊട്ടിച്ച് കറിവെയ്ക്കാൻ വെട്ടി നോക്കിയപ്പോഴാണ് അത്ഭുത പ്രതിഭാസം കണ്ടത്.



സുനിൽകുമാറിൻ വീട്ടുപറമ്പിലെ കടപ്ലാവിൽ നിന്നുലഭിച്ച ചുളയുള്ള കടച്ചക്ക.

നിറയെ ചുളകളും അതിനുള്ളിൽ ചക്കക്കുരുവിന് സമാനമായരീതിയിലുള്ള കുരുക്കളും. പക്ഷെ കറി വെച്ചപ്പോൾ ഏകദേശം കടചക്കയുടെ സ്വാദ് തന്നെയാണ് തോന്നിയതെന്ന് സുബ്രഹ്മണ്യൻ പറയുന്നു. നാടൻ കടപ്ലാവിൽ എന്തുകൊണ്ടാണ് ഇത്തരത്തിൽ ചക്കയുണ്ടായതെന്ന് അറിയാൻ ചേർപ്പ് കൃഷിഭവനുമായി ബന്ധപ്പെട്ടെങ്കിലും അവർക്ക് യാതൊരുവിധ മറുടിയും നൽകുവാൻ സാധിച്ചില്ല. കാർഷിക സർവകലാശാലയുമായി ബന്ധപ്പെടാനാണ് സുനിൽ കുമാറിന്റെ തീരുമാനം.